സംസ്ഥാനത്ത് ടൂറിസ്റ്റ് കേന്ദ്രങ്ങളായി പ്രഖ്യാപിച്ച സ്ഥലങ്ങൾ

2 [3589] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ടൂറിസ്റ്റ് കേന്ദ്രങ്ങളായി സർക്കാർ പ്രഖ്യാപിച്ച സ്ഥലങ്ങൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുവേണ്ടി ഓരോ കേന്ദ്രത്തിലും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) ഈ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനത്തിനായി സർക്കാർ ഏതെങ്കിലും ഏജൻസികളെയോ സ്വകാര്യ വ്യക്തികളെയോ നിയോഗിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം ഏജൻസികളെയും വ്യക്തികളെയുമാണ് നിയോഗിച്ചതെന്നും ഇവരെ നിയോഗിച്ചതിന്റെ മാനദണ്ഡമെന്താണെന്നും ഇവരുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോയെന്നും വിശദമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം

പൂവാർ

ആലപ്പുഴ

കുട്ടനാട്

എറണാകുളം

1. മരട്
2. ചെറായി ബീച്ച്

തൃശ്ശൂർ

ചാലക്കുടി-ആതിരപ്പള്ളി സെക്ടർ

(ബി) ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി ഓരോ കേന്ദ്രത്തിലേയും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള നടപടികൾ എടുക്കുകയും ടൂറിസ്റ്റുകൾക്കാവശ്യമായ താമസ-ഗതാഗത സൗകര്യങ്ങൾ സ്വകാര്യമേഖലയുടെ പങ്കാളിത്തത്തോടെ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly